## ഉള്ളടക്കം


1 ആമുഖം
2 സ്കൂൾ ലഘുചരിത്രം
3 കാഴ്ചപ്പാട്
4 പൊതുലക്ഷ്യം
5 ഭാഷ (മലയാളം, ഇംഗ്ലീഷ്)
മുഖ്യലക്ഷ്യങ്ങൾ
ഉപലക്ഷ്യങ്ങൾ
പരിമിതികൾ
പ്രവർത്തനങ്ങൾ
ഭാഷാക്ലബ്ബ്
6 അറബി
പരിമിതികൾ
മുഖ്യലക്ഷ്യങ്ങൾ
പ്രവർത്തനങ്ങൾ

7 ഗണിതം
പരിമിതികൾ
പ്രവർത്തനങ്ങൾ

8 പരിസരപഠനം
പ്രവർത്തനങ്ങൾ
9 കല,കായികം

10 തനതുപ്രവർത്തനം
11 ഭക്ഷണം
12 മോണിറ്ററിംഗ്
13 സാമ്പത്തികവിശകലനം
14 ഉപസംഹാരം

# ആമുഖം

കേരള ഗവൺമെൻറ് മുന്നോട്ടുവെച്ച ഗുണമേന്മയുള്ള വിദ്യാഭ്യാസം ഉറപ്പുവരുത്തുക എന്ന ലക്ഷ്യം മുൻനിർത്തി വിദ്യാലയത്തിലെ മുഴുവൻ കുട്ടികളെയും പഠനമികവിലേക്ക് നയിക്കുന്നതിനായുള്ള രൂപരേഖയാണ് അക്കാദമിക്മാസ്റ്റർപ്ലാൻ. ഒന്നു മുതൽ നാലുവരെയുള്ള ക്ലാസുകളിൽ നടത്താനുദ്ദേശിക്കുന്ന പ്രവർത്തനങ്ങളാണ് ഞങ്ങൾ ആസൂത്രണം ചെയ്യുന്നത്. മുഴുവൻ കുട്ടികളെയും പങ്കെടുപ്പിച്ചുകൊണ്ട് നടത്തുന്ന പ്രവർത്തനങ്ങളും കലാകായികശേഷി വികസനത്തിനുള്ള പ്രവർത്തനങ്ങളും ഉൾപ്പെടുത്താൻ ശ്രമിച്ചിട്ടുണ്ട്. അധ്യാപകരുടെ ആത്മസമർപ്പണവും രക്ഷിതാക്കളുടെ പൂർണ്ണ പിന്തുണയും നാട്ടുകാരുടെയും പൂർവ്വവിദ്യാർത്ഥികളുടെയും സഹകര ണവും മാനേജ്മെൻറിൻറെ ആത്മാർത്ഥമായ ഇടപെടലുകളും ഞങ്ങൾ പ്രതീക്ഷിക്കുന്നു.

എസ്.ആർ.ജി കൺവീനർ പി.ടി.എ പ്രസിഡണ്ട് ഹെഡ്മാസ്റ്റർ

# സ്കൂൾ ലഘുചരിത്രം

സാമ്പത്തികമായും വിദ്യാഭ്യാസപരമായും ഏറെ പിന്നിലായിരുന്ന ഒരു ജനതയെ ഉദ്ധരിക്കാൻ വേണ്ടി 1911 ൽ കൃഷ്ണൻ ഗുരിക്കൾ എന്ന മനുഷ്യസ്നേഹി കുടിപ്പള്ളിക്കൂടമായി ആരംഭിച്ചതാണ് ഊരട്ടേരി എ.എൽ.പി.സ്കൂൾ. തുടർന്ന് ഗുരുക്കളുടെ മരുമകനും, പിന്നീട് സ്കൂളിലെ പ്രഥമാധ്യാപകനുമായിരുന്ന കളത്തിൽ കൃഷ്ണൻ മാസ്റ്ററാണ് സ്കൂൾ സംരക്ഷിച്ചത്. അദ്ദേഹത്തിന്റെ മരണശേഷം പത്നി മീനാക്ഷി ടീച്ചർ മാനേജർ സ്ഥാനം ഏറ്റെടുത്തു. ഇടക്കാലത്ത് സ്കൂളിൽ കുട്ടികളുടെ എണ്ണം സാരമായി കുറഞ്ഞെങ്കിലും, പിന്നീട് വന്ന അധ്യാപകരുടെയും രക്ഷിതാക്കളുടെയും കൂട്ടായ പരിശ്രമം കൊണ്ട് സ്കൂളിനെ മികവിന്റെ കേന്ദ്രമാക്കാൻ സാധിച്ചു. അക്കാദമികമായ മികവിന്റെ പാതയിലാണ് ഇന്ന് സ്കൂൾ സഞ്ചരിക്കുന്നത്.

ഒന്ന് മുതൽ നാല് വരെ ക്ലാസുകളിലായി 95 കുട്ടികളും 5 അധ്യാപകരുമാണ് സ്കൂളിലുള്ളത്. പ്രീ -പ്രൈമറി വിഭാഗവും പ്രവർത്തിക്കുന്നു.

# കാഴ്ചപ്പാട്

ഓരോ കുട്ടിയും കഴിവുകളുടെ അടിസ്ഥാനത്തിൽ വ്യത്യസ്തനാണ്. വിദ്യാർത്ഥികളുടെ സവിശേഷവും സർഗപരവുമായ കഴിവുകൾ കണ്ടെത്തി അവ വളർത്താൻ ആവശ്യമായ അവസരങ്ങൾ പഠനപ്രവർത്തനങ്ങളുടെ ഭാഗമായും സവിശേഷ സന്ദർഭങ്ങളിലൂടെയും ഒരുക്കി സമഗ്രവികസനം സാധ്യമാക്കുക എന്നതാണ് വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം. അധ്യാപകരുടെ മികവ് കാലാനുസൃതമായി പരിഷ്കരിക്കുക, വരുംകാലത്തിനാവശ്യമായ സാങ്കേതിക വിദ്യകൾ നേടാൻ വിദ്യാർത്ഥികളെ സജ്ജരാക്കുക, സമൂഹത്തിന്റെ സുസ്ഥിതിക്കാവശ്യമായ ജീവിതമൂല്യങ്ങളും പരിസ്ഥിതിസൗഹൃദമനോഭാവവും വളർത്തിയെടുക്കുക എന്നിവയും ഇതോടൊപ്പം ലക്ഷ്യമാക്കുന്നു.മേൽപ്പറഞ്ഞ ലക്ഷ്യങ്ങൾ സമയബന്ധിതമായി കൈവരിക്കുന്നതിനുള്ള സമഗ്രാസൂത്രണ രേഖയാണ് 'അക്കാദമിക് മാസ്റ്റർ പ്ലാൻ' എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്.

## പൊതുലക്ഷ്യം

1 കഴിവുകളുടെ സമഗ്രമായ വികസനമാണ് ലക്ഷ്യം.

2. ഓരോ കുട്ടിയുടെയും സവിശേഷവും സർഗപരവുമായ കഴിവുകൾ കണ്ടെത്തി വളർത്താൻ ശ്രമിക്കുക.

3 കുട്ടികളുടെ സമഗ്രവികസനം ലക്ഷ്യമാക്കി പ്രവർത്തനങ്ങളി ലേർപ്പെടാൻ കഴിയും വിധം സമൂഹത്തിലെ വിവിധഘടകങ്ങളെ ഏകോപിപ്പിക്കുക.

4. കുട്ടിയുടെ പഠനവേഗത, പഠനശൈലി എന്നിവ പരിഗണിക്കുന്ന പഠനപ്രക്രിയ സാധ്യമാക്കുക.

5. ആധുനികസാങ്കേതികവിദ്യകൾ പ്രയോജനപ്പെടുത്തി പഠനം രസകര മാക്കുക. (ICT)

6. കാലാനുസൃതമായി അധ്യാപകൻ്റെ ശേഷികൾ വികസിപ്പിക്കുക.

7. കാർഷികസംസ്കൃതിയോട് പ്രതിബദ്ധതയും പരിസ്ഥിതിസൗഹൃദ മനോഭാവവും വിദ്യാർത്ഥികളിൽ വളർത്തിയെടുക്കുക.

8. സമൂഹത്തിൻറെ പുരോഗമനപരമായ സുസ്ഥിതിക്ക് അനിവാര്യമായ ജീവിതമൂല്യങ്ങൾ സ്വായത്തമാക്കുന്നു എന്ന് ഉറപ്പുവരുത്തുക.

9. സമഗ്ര ഗുണമേന്മ വിദ്യാഭ്യാസം

## ഭാഷ മുഖ്യലക്ഷ്യങ്ങൾ

- എല്ലാ കുട്ടികളും അവർ പഠിക്കുന്ന ക്ലാസിനനുസരിച്ചും നിലവാരത്തിനനു സരിച്ചും ഭാഷയിലെ ഉയർന്ന ശേഷികൾ കൈവരിച്ചുവെന്ന് ഉറപ്പുവരുത്തും.

- 4 വർഷത്തിനുള്ളിൽ സ്കൂൾ വിട്ട് പുറത്ത് വരുന്ന എല്ലാ കുട്ടികളെയും മലയാളം, ഇംഗ്ലീഷ് എന്നി ഭാഷകളിൽ അനായാസം ആശയവിനിമയം നടത്തുന്നതിന് പ്രാപ്തരാക്കും

- സ്കൂൾ പഠനം പൂർത്തിയാവുമ്പോഴേക്കും മുഴുവൻ കുട്ടികളെയും ഫലപ്രദമായ ആശയവിനിമയത്തിനുതകുംവിധം ഭാഷയിലെ വിവിധസങ്കേതങ്ങൾ ഉപയോഗിക്കുന്ന തിന് പ്രാപ്തരാക്കും.

- 4 വർഷത്തിനുള്ളിൽ ഓരോ കുട്ടിയുടെയും അഭിരുചിക്കനുസരിച്ച് സർഗാത്മക പ്രവർത്തനങ്ങൾ ഫലപ്രദമായി നടത്തുന്നതിനും വിവിധ രീതിയിൽ ആവിഷ്കരിക്കു ന്നതിനുമുള്ള കഴിവ് വികസിപ്പിക്കും.

- ഓരോ കുട്ടിയെയും തൻ്റെ ആവശ്യങ്ങൾ, താൽപര്യങ്ങൾ, അഭിലാഷങ്ങൾ എന്നിവ പറഞ്ഞും എഴുതിയും പ്രകടിപ്പിക്കുന്നതിന് പ്രാപ്തരാക്കും.

- വാക്യഘടന പാലിച്ച് വാക്യങ്ങൾ നിർമ്മിക്കാൻ പ്രാപ്തരാക്കും.

- സംയുക്ത ഡയറി

## ഉപലക്ഷ്യങ്ങൾ (ഭാഷ)

- ഓരോ യൂണിറ്റുമായും ബന്ധപ്പെട്ട് സമഗ്രാസൂത്രണം, സൂക്ഷ്മമാസൂത്രണം എന്നിവ സമയബന്ധിതമായി പൂർത്തിയാക്കും.
- എല്ലാ കുട്ടികൾക്കും വായനയും എഴുത്തും ഉറപ്പുവരുത്തും.
- വായന പരിപോഷിപ്പിക്കുന്നതിന് വൈവിധ്യമാർന്ന അവസരങ്ങൾ ഒരുക്കും. 1
- സ്കൂൾ ലൈബ്രറി ആകർഷകമാക്കി പുസ്തകങ്ങളുടെ ഉപയോഗം ഫലപ്രദമാക്കും.
- അമ്മവായനയുമായി ബന്ധപ്പെട്ട് രക്ഷിതാക്കളുടെ വായന പരിപോഷിപ്പിക്കുന്ന പ്രവർത്തനങ്ങൾ നടത്തും.
- ഓരോ ക്ലാസിലും ഉപയോഗിക്കുന്ന പുസ്തകങ്ങളുടെ ലിസ്റ്റ് തയ്യാറാക്കും,
- വിവിധക്ലാസുകളിൽ ഓരോ യൂണിറ്റിലും ഉള്ള സർഗാത്മകപ്രവർത്തനങ്ങൾ പരിപോഷിപ്പിക്കും.
- വായനാകാർഡ് നിർമ്മാണം.

## കണ്ടെത്തിയ പരിമിതികൾ

1. 1 മുതൽ 4 വരെയുള്ള ക്ലാസുകളിലെ എല്ലാ കുട്ടികൾക്കും പാഠ്യപദ്ധതിലക്ഷ്യങ്ങളും ചിഹ്നങ്ങളും ശേഷികളും നേടാൻ കഴിയുന്നില്ല.
2. പ്രക്രിയാബന്ധിതമായി പാഠാസൂത്രണം ചെയ്യുന്നു.എന്നിലും നടപ്പാക്കുന്നതിന് സമയപ രിധി പ്രശ്നമാകുന്നു.
3. വ്യത്യസ്ത നിലവാരക്കാരെ പരിഗണിച്ചുകൊണ്ടുള്ള ലൈബ്രറി ഒരുക്കാൻ കഴിയുന്നില്ല.
4. സമയപരിധി തടസ്സമാവുന്നു.
5. രക്ഷിതാക്കളുടെ ഇടപെടലുകൾ ഫലപ്രദമല്ല.
6. പാഠഭാഗങ്ങളുടെ വ്യാപ്തിക്കൂടുതൽ.

### കാരണങ്ങൾ

**കുട്ടി**

1. ക്ലാസിലെ തുടർച്ചയില്ലായ്മ-ദീർഘകാല രോഗാവസ്ഥ.
2. താൽപര്യക്കുറവ്
3. രക്ഷിതാക്കളുടെ പിന്തുണക്കുറവ്
4. നല്ല അവസരങ്ങളില്ലായ്മ
5. ഫോണിൻറെ ഉപയോഗം

**അധ്യാപകൻ**

1. വൈവിധ്യമാർന്ന പഠനപ്രവർത്തനങ്ങൾ നടപ്പാക്കാൻ കഴിയുന്നില്ല.
2. വിനിമയത്തിനുള്ള സമയക്കുറവ്
3. ആവശ്യത്തിനുതകുന്ന പഠനോപകരണങ്ങൾ സംഘടിപ്പിക്കാനുള്ള അറിവി ല്ലായ്മ.
4. പരീക്ഷാധിഷ്ഠിതമായി പാഠപുസ്തങ്ങളെ സമീപിക്കുമ്പോൾ ആശയങ്ങൾ ഉറപ്പിക്കാതെ അടുത്തതിലേക്ക് പോകേണ്ടിവരുന്നു.
6. പാഠ്യപദ്ധതിയിൽ മാത്രം ഒതുങ്ങുന്നു.
7. പാഠഭാഗങ്ങൾ കൂടുതൽ

**രക്ഷിതാവ്**

1. എല്ലാ വീടുകളിലും പഠനാന്തരീക്ഷം ഉറപ്പുവരുത്തുന്നില്ല.
2. സ്കൂളുകളുമായി രക്ഷിതാക്കളുടെ നിരന്തരമായ ഇടപെടലുകൾ ഉണ്ടാവുന്നില്ല.
3. കുട്ടി ഭാഷയിൽ ആർജിക്കേണ്ട അടിസ്ഥാനശേഷികളെക്കുറിച്ച് രക്ഷിതാ വിൻറെ അറിവില്ലായ്മ
4. സാധ്യായ ദിവസങ്ങളിൽ കുട്ടിയെ നിർബന്ധമായി എത്തിക്കേണ്ടതിനെ ക്കുറിച്ച് ബോധമില്ലായ്മ.

## ഭാഷ - പ്രവർത്തനങ്ങൾ

1. പ്രീ ടെസ്റ്റ്

   മലയാളത്തിളക്കം

   പ്രീ ടെസ്റ്റ് നടത്തി പിന്നോക്കക്കാരെ കണ്ടെത്തുന്നു

2 അക്ഷരം ഉറപ്പിക്കൽ (2 മാസം)

   ചിത്രങ്ങളിലൂടെയും ഉദാഹരണങ്ങളിലൂടെയും അക്ഷരങ്ങൾ ഉറപ്പിക്കുന്നു.

3 കൂട്ടക്ഷരം ഉറപ്പിക്കൽ

   ശബ്ദവ്യത്യാസങ്ങൾ മനസ്സിലാക്കി കൂട്ടക്ഷരങ്ങൾ ഉറപ്പിക്കുന്നു.

4. അടയാളങ്ങൾ, ചിഹ്നങ്ങൾ എന്നിവ ഉറപ്പിക്കൽ

   ശബ്ദവ്യതിയാനത്തിന് അനുസരിച്ച് ഏത് സ്വരചിഹ്നമാണ്, ഏത് ചിഹ്നങ്ങളാണ് വേണ്ടതെന്ന് കൂടുതൽ ഉദാഹരണങ്ങളിലൂടെ മനസ്സിലാക്കുന്നു.

5 അക്ഷരകാർഡ്, പദകാർഡ്, വാക്യകാർഡ്, വായനാ കാർഡ്

   അക്ഷരകാർഡ് ഉപയോഗിച്ച് പുതിയ വാക്കുകളും, പദകാർഡ് ഉപയോഗിച്ച് പുതിയ വാക്യങ്ങളും രൂപീകരിക്കുന്നു.

6. ലോക്കൽ ടെക്സ്റ്റ്

   പുതിയ അക്ഷരങ്ങളും ചിഹ്നങ്ങളും പരിചയപ്പെടുത്തിയതിന് ശേഷം ഇവയ്ക്ക് കൂടുതൽ തെളിവ് കിട്ടാൻ പുതിയ പ്രാദേശികപാഠം രൂപീകരിക്കുന്നു.

7. തെരഞ്ഞെടുക്കൽ

   പദകാർഡുകളിൽനിന്നും നിർദ്ദേശിച്ച പദം തെരഞ്ഞെടുക്കൽ.

8. അക്ഷരചക്രം

   അക്ഷരചക്രത്തിൽ നിന്നും പദം കണ്ടെത്തുന്നു. പദത്തിൽനിന്നും

   വാക്യത്തിലേക്ക്.

## പ്രവർത്തനങ്ങൾ

1. ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കാൻ പ്രീടെസ്റ്റ് നടത്തുന്നു.
2. അക്ഷരം ഉറപ്പിക്കുന്നതിനായി കാർഡുകൾ, ചിത്രങ്ങൾ, പാർട്ടുകൾ എന്നിവ ഉപയോഗിക്കുന്നു. ചിത്രങ്ങളിലെ കാര്യങ്ങൾ അറബിയിൽ പറയുന്നു.
3. നല്ല വായന
    * മുഴുവൻ കുട്ടികൾക്കും ലഘുവാക്യങ്ങൾ വായിക്കാൻ സാധിക്കണം. ഇതിനു വേണ്ടി ലൈബ്രറി രൂപീകരിക്കുന്നു.ക്ലാസിലെ ആദ്യത്തെ അഞ്ച് മിനിറ്റ് ഒരു കുട്ടി ഒരുപേജ് (ലൈബ്രറി ബുക്ക്) വായിക്കുന്നു.
    * കഥാപൂരണം -കഥകളുടെ ആദ്യഭാഗം മാത്രം നൽകി ബാക്കി ചെറിയ രീതിയിൽ കൂട്ടിപറയുന്നു. (പൂർത്തികരിക്കുന്നു.)
    * ചിത്രവായന കുട്ടി ചിത്രത്തിലെ കാര്യങ്ങൾ പറയുന്നു.
    * കൂടുതൽ പുസ്തകങ്ങൾ വായിച്ച കുട്ടികൾക്ക് സമ്മാനം നൽകുന്നു.
    * സ്ഫുടമായും ഭാവാത്മകമായും വായിക്കുന്നവർക്ക് പ്രത്യേക പ്രോത്സാഹനം നൽകുന്നു.
4. നല്ല എഴുത്ത്

* അറബിഭാഷയുടെ തനതായ ശൈലിയിലും സൗന്ദര്യത്തിലും എഴുതുവാൻ പ്രത്യേകം പരിശീലനം നൽകുന്നു.- ICT സാധ്യത

    ഉപയോഗിക്കുന്നു.

5. എഴുത്തുകൂട്ടം
    * ചിത്രം കണ്ട് അവരവരുടെ കഴിവനുസരിച്ച് വിവരണം തയ്യാറാക്കുന്നു.
    * ചിത്രങ്ങൾ നൽകി അനുയോജ്യമായ അടിക്കുറിപ്പുകൾ നൽകുന്നു.
    * കഥാപൂരണം - കഥയുടെ കുറച്ച് ഭാഗങ്ങൾ നൽകി ബാക്കി കുട്ടികൾ പൂർത്തീകരിക്കുന്നു. 1, 2 ക്ലാസുകളിൽ ഇടയ്ക്കുള്ള പദങ്ങൾ വിട്ടോ, പദങ്ങൾക്ക്
    * പകരം ചിത്രം കൊടുത്തോ കഥ പൂർത്തീകരിക്കുന്നു.
    * ഉപയോഗിച്ച് ചെറിയ ഗെയിമുകൾ ചെയ്യുന്നു

## ഭാഷ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയം | ഭൗതികം | പിന്തുണ |
|---|---|---|---|---|
| 1. ഭാഷാപരമായ | 1. ഫ്രീടെസ്റ്റ് മലയാളത്തിളക്കം | | | |
| പിന്നോക്കാവസ്ഥ | 2. അക്ഷരം ഉറപ്പിക്കൽ | | ക്ലാസ് | |
| പരിഹരിക്കൽ | 3. കൂട്ടക്ഷരം ഉറപ്പിക്കൽ | | CD | ടീച്ചർ |
| | 4. അടയാളം ഉറപ്പിക്കൽ | | | |
| നല്ലവായന | 5. അക്ഷര കാർഡ് | | ICT | |
| | 6. പദ കാർഡ് | 1 വർഷം | പുസ്തകങ്ങൾ | പി.ടി.എ |
| | 7. വാക്യ കാർഡ് | | ചിത്ര ചാർട്ട് | SSG |
| | 8. ലോക്കൽ ടെക്സ്റ്റ് | | ചിത്രകാർഡ് | |
| | 9. തെരഞ്ഞെടുക്കൽ | | | |
| | 10. അക്ഷര ചക്രം | | | |
| | 11. വർക്ക്ഷീറ്റ് | | | പി.ടി.എ |
| | 12. ചിത്രം കണ്ട് ആശയം പറയൽ | | | |
| | 13. ചിത്രം കണ്ട് കഥ പറയൽ | | | |
| | 14. കഥയുടെ ബാക്കി പറയൽ | | | |
| | 15. ആസ്വദിച്ച് വായന | | | |
| | 16. കഥാസന്ദർഭം പറയൽ | | | |
| | 17. കവിത വായിച്ച് ആശയം പറയൽ | | | |
| | 18. മറ്റ് കവിതകൾ കണ്ടെത്തി വായിക്കൽ | | | |
| | 19. വായിച്ച കവിതയെ ചിത്രീകരിക്കൽ | | | |
| | 20. അനൗൺസ്മെന്റ് | | | |
| | 21. കുറിപ്പ് വായന | | | |
| | 22. യാത്രാവിവരണം | | | |
| | 23. ആത്മകഥ വായിക്കൽ | | | |
| | 24. ആസ്വാദനക്കുറിപ്പ് വായന | | | |
| | 25. അമ്മ വായന | എല്ലാ | | |
| | 26. പത്ര വായന | ദിവസം | | ക്ലാസ് ടീച്ചർ |
| | 27. വായനോത്സവം | ഉച്ചയ്ക്ക് | | |
| | 28. വായനാക്കുറിപ്പ് - പതിപ്പ് | മാസത്തിൽ | | |
| | 29. ക്ലാസ് സഭ | ഒരുദിവസം | | ക്ലാസ് ടീച്ചർ |
| | 30. സാഹിത്യവേദി | | | |
| | 31. പുസ്തകം ഒരുക്കൽ | | | |
| | 32. ലൈബ്രറി | | | |
| നല്ല എഴുത്ത് | 1. അക്ഷരചക്രം | | ചാർട്ട് | |
| | 2. അടിക്കുറിപ്പ് | | A4ഷീറ്റ് | പി.ടി.എ |
| | 3. കഥാപാത്രത്തെ കണ്ടെത്തൽ | | മാർക്കർ | |
| | 4. കഥയുടെ ബാക്കി | | | |
| | 5. ചിത്രം കണ്ട് കഥ | | | |
| | 6. വിവരണം | | | |
| | 7. ആശംസാകാർഡ് | | | |
| | 8. ഡയറി | | | |
| | 9. ലീവ് ലെറ്റർ | | | |
| | 10. പരാതിപ്പെട്ടി | | | |
| | 11. നോട്ടീസ് ബോർഡ് | | | |

| | ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയം | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| | | 12. പകരം പദങ്ങൾ<br>13. ആസ്വാദനക്കുറിപ്പ്<br>14. ചുമർപത്രിക | മാസത്തിൽ ഒന്ന് | | പി.ടി.എ<br>ക്ലാസ് ടീച്ച |
| | മികച്ച എഴുത്ത് | 1. എഴുത്തുകൂട്ടം രൂപീകരണം<br>2. പുസ്തക ചർച്ച<br>3. ക്ലാസ് ലൈബ്രറി<br>4. പതിപ്പ് തയ്യാറാക്കൽ<br>5. വായനാക്കുറിപ്പ് - പതിപ്പ്<br>6. ആസ്വാദനക്കുറിപ്പ്<br>7. ബാലസഭ<br>8. പ്രസംഗം തയ്യാറാക്കൽ<br>9. സാഹിത്യ ചരിത്ര ഗാലറികൾ ഒരുക്കൽ<br>10. സാഹിത്യകാരൻമാരുമായുള്ള അഭിമുഖം<br>11. സ്കിറ്റ് തയ്യാറാക്കൽ | 2 വർഷം<br>6 മാസം<br>പാഠഭാഗവുമായി ബന്ധപ്പെട്ട് | പുസ്തകങ്ങൾ<br>ചാർട്ടുകൾ | ക്ലാസ് ടീച്ചർ<br>സിപിടിഎ<br>ക്ലാസ് ടീച്ച<br>പിടിഎ<br>ക്ലാസ് പി. ടി.എ |
| | ആസ്വാദനം | 1. കേൾക്കാൻ അവസരം<br>2. സ്കിറ്റ്<br>3. ബാലസഭ<br>4. ശിൽപ്പശാല<br>5. സാഹിത്യക്കൂട്ടം<br>6. വിദഗ്ധരായ അതിഥി അധ്യാപകരുടെ സേവനം | 2 വർഷം<br>ഡിസംബർ | | പിടിഎ |

| ലക്ഷ്യം | പ്രവർത്തനം | സമയം | ഭൗതികം | പിന്തുണ |
|---|---|---|---|---|
| Pre -Test | ഭാഷാപരമായ നിലവാരം മനസ്സിലാക്കുന്നതിന് | ജൂൺ | | ടീച്ചർ |
| Reading | *. Letter cards<br>*. words cards<br>*.Reading corner<br>*. Group reading<br>(littile stories,News papper) | 1 വർഷം | | |
| Lack of Vocabulary | *. Label ചെയ്യുക.<br>*. Missing letters<br>*. Order the letters<br>(Re-arrange)<br>*. Word -Web<br>*. Riddles<br>*. Mind mapping<br>*. Picture reading<br>*. Complete the story | 1 വർഷം | | |
| English Writting | *. Work books<br>*. Description<br>(Group of individuals)<br>*. Work sheet<br>*. add more lines<br>*. Re-write the sentences | 1 വർഷം | | |
| Creativity | *. Best competition<br>*. Riddles<br>*.Complete the story<br>*. Word Puzzles | 4 വർഷം | | |
| Listening | *. Action songs<br>*. News papper reading<br>*.choreography<br>*.Speech<br>*. Skit<br>*. English Assembly<br>*.ICT | 1 വർഷം | | |
| IEDC | *.Letter stroke<br>*. Copy writting<br>*. Colouring | 1 വർഷം | | |
| Spoken English- | ലളിതമായ സംഭാഷണത്തിന് ഉതകും വിധംകുട്ടികളെ പ്രാപ്തരാക്കുന്നു.ആഴ്ചയിൽ ഒരു ദിവസം | 1വർഷം | | |

# ഭാഷാ ക്ലബ്ബ്

- ഓരോ ക്ലാസിലെയും കാൽഭാഗം കുട്ടികളും ഭാഷാക്ലബ്ബിൽ അംഗങ്ങളാകുന്നു.
- ക്ലബ്ബിലെ പ്രവർത്തനങ്ങൾ മുഴുവൻ കുട്ടികളെയും ഉൾപ്പെടുത്തിക്കൊണ്ട് ക്ലാസ് തലത്തിലും സ്കൂൾ തലത്തിലും ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നു.
- ക്ലബ്ബിലെ വാർത്താക്കുറിപ്പുകൾ പ്രദർശിപ്പിക്കാനുള്ള നോട്ടീസ് ബോർഡ് നൽകുന്നു.
- സ്കൂൾ അസംബ്ലി, ക്ലബ്ബ് അടിസ്ഥാനത്തിൽ നടത്തുകയും ഓരോ ക്ലബ്ബുകളും അവരുടെ വിഷയങ്ങൾക്ക് അനുസരിച്ച് അസംബ്ലി നടത്തുകയും ചെയ്യുന്നു.
- ക്ലബ്ബ് അടിസ്ഥാനത്തിൽ സാഹിത്യ ക്വിസ്, പ്രസംഗമത്സരം എന്നിവ നടത്തുന്നു.

# അറബി

1. എല്ലാ കുട്ടികൾക്കും എല്ലാ ശേഷികളും ഉദ്ദേശിച്ച രീതിയിൽ നേടാൻ കഴിയുന്നില്ല.
2. പ്രക്രിയാബന്ധിതമായി പാഠാസൂത്രണം ചെയ്യും. എന്നിലും നടപ്പാക്കുന്നതിന് സമയപരിധി പ്രശ്നമാകുന്നു.
3. കുട്ടികൾക്ക് ഈ ഭാഷ കേൾക്കാനും അനുഭവിക്കാനും ഉള്ള അവസരക്കുറവ്.
4. രക്ഷിതാക്കളുടെ ഇടപെടൽ ഫലപ്രദമല്ല.

കാരണങ്ങൾ

1. കുട്ടി

* ക്ലാസിലെ തുടർച്ചയില്ലായ്മ.
* രക്ഷിതാക്കളുടെ പിന്തുണക്കുറവ്.
* നല്ല അവസരങ്ങളില്ലായ്മ.

2. അധ്യാപകൻ

* വൈവിധ്യമാർന്ന പ്രവർത്തനങ്ങൾ നടപ്പിലാക്കാൻ കഴിയുന്നില്ല.
* വിനിമയത്തിനുള്ള സമയക്കുറവ്.
* ആവശ്യത്തിനുതകുന്ന പഠനോപകരണങ്ങൾ സംഘടിപ്പിക്കാനുള്ള അറിവില്ലായ്മ.

3. രക്ഷിതാവ്

* രക്ഷിതാക്കളുടെ നിരന്തരമായ ഇടപെടലുകൾ ഉണ്ടാവുന്നില്ല.
* ഭാഷാശേഷികൾ കൈവരിക്കുന്നതിൽ രക്ഷിതാവ് ഏത് രീതിയിൽ ഇടപെടണം എന്ന അറിവില്ലായ്മ

4. ഭൗതികം

* സാധ്യതകൾ വേണ്ടത്ര ഫലപ്രദമായ രീതിയിൽ ഉപയോഗിക്കാൻ കഴിയുന്നില്ല. ഇവ വേണ്ട രീതിയിൽ ലഭ്യമല്ല.

# മുഖ്യലക്ഷ്യങ്ങൾ

*. എല്ലാ കുട്ടികളെയും അവർ പഠിക്കുന്ന ക്ലാസിനനുസരിച്ചും നിലവാരത്തിനനുസരിച്ചും ഭാഷ യിലെ ഉയർന്ന ശേഷികൾ കൈവരിച്ചുവെന്ന് ഉറപ്പ് വരുത്തും.

*. അഞ്ച് വർഷത്തിനുള്ളിൽ എല്ലാകുട്ടികളെയും അറബി ഭാഷയിൽ വായന, എഴുത്ത്, ചെറിയ ആശയവിനിമയങ്ങൾ എന്നിവയിൽ അനായാസ കഴിവ് പ്രകടിപ്പിക്കാൻ പ്രാപ്തരാക്കും.

*. ഓരോ കുട്ടിയിലും അവരവരുടെ അഭിരുചിക്ക് അനുസരിച്ച് സർഗാത്മക പ്രവർത്തനങ്ങൾ ഫലപ്രദമായി നടത്തുന്നതിനും വിവിധരീതിയിൽ ആവിഷ്കരിക്കുന്നതിനുമുള്ള കഴിവ് വികസിപ്പിക്കും.

*. ഭാഷയെക്കുറിച്ച് നല്ലൊരു അറിവ് കൂടി ഉണ്ടാവാൻ പ്രാപ്തരാക്കും.

## പ്രവർത്തനങ്ങൾ

1. ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കാൻ പ്രീടെസ്റ്റ് നടത്തുന്നു.
2. അക്ഷരം ഉറപ്പിക്കുന്നതിനായി കാർഡുകൾ, ചിത്രങ്ങൾ, ചാർട്ടുകൾ എന്നിവ ഉപയോഗിക്കുന്നു. ചിത്രങ്ങളിലെ കാര്യങ്ങൾ അറബിയിൽ പറയുന്നു.

3. നല്ല വായന

* മുഴുവൻ കുട്ടികൾക്കും ലഘുവാക്യങ്ങൾ വായിക്കാൻ സാധിക്കണം. ഇതിനു വേണ്ടി ലൈബ്രറി രൂപീകരിക്കുന്നു.ക്ലാസിലെ ആദ്യത്തെ അഞ്ച് മിനിറ്റ് ഒരു കുട്ടി ഒരുപേജ് (ലൈബ്രറി ബുക്ക്) വായിക്കുന്നു.
* കഥാപൂരണം - കഥകളുടെ ആദ്യഭാഗം മാത്രം നൽകി ബാക്കി ചെറിയ രീതിയിൽ കുട്ടിപറയുന്നു.(പൂർത്തീകരിക്കുന്നു.)
* ചിത്രവായന - കുട്ടി ചിത്രത്തിലെ കാര്യങ്ങൾ പറയുന്നു.
* കൂടുതൽ പുസ്തകങ്ങൾ വായിച്ച കുട്ടികൾക്ക് സമ്മാനം നൽകുന്നു.
* സ്ഫുടമായും ഭാവാത്മകമായും വായിക്കുന്നവർക്ക് പ്രത്യേകപ്രോത്സാഹനം നൽകുന്നു.

4. നല്ല എഴുത്ത്

* അറബിഭാഷയുടെ തനതായ ശൈലിയിലും സൗന്ദര്യത്തിലും എഴുതുവാൻ പ്രത്യേകം പരിശീലനം നൽകുന്നു. - 107 വായന [illegible]

5. എഴുത്തുകൂട്ടം

* ചിത്രം കണ്ട് അവരവരുടെ കഴിവനുസരിച്ച് വിവരണം തയ്യാറാക്കുന്നു.
* ചിത്രങ്ങൾ നൽകി അനുയോജ്യമായ അടിക്കുറിപ്പുകൾ നൽകുന്നു.
* കഥാപൂരണം - കഥയുടെ കുറച്ച് ഭാഗങ്ങൾ നൽകി ബാക്കി കുട്ടികൾ *പൂർത്തീകരിക്കുന്നു. 1, 2 ക്ലാസുകളിൽ ഇടയ്ക്കുള്ള പദങ്ങൾ വിട്ടോ, പദങ്ങൾക്ക്* പകരം ചിത്രം കൊടുത്തോ കഥ പൂർത്തീകരിക്കുന്നു.

* 107 [illegible] ചെറിയ game കൾ നടത്തുന്നു

* കവിതാപൂരണം - കവിതയിലെ ചിലഭാഗങ്ങൾ മാത്രം നൽകി ബാക്കി പദങ്ങൾ മുകളിൽ കൊടുത്ത് കുട്ടി അതിൽനിന്ന് യോജിച്ചത് എഴുതി കവിത പൂർത്തീകരിക്കുന്നു.
* ക്ലാസ്മാസിക നിർമാണം ॱ പ്രവർത്തനങ്ങൾ ഒരുമിച്ചുകൂട്ടി തെറ്റുകൾ തിരുത്തി അധ്യാപകന്റെ സഹായത്തോടെ മെച്ചപ്പെടുത്തി പതിപ്പാക്കുന്നു.
* വായനാകാർഡ് നിർമ്മാണം - മോഡൽ നൽകി മത്സരം നടത്തി നല്ലത് കണ്ടെത്തി വീണ്ടും ശരിയാക്കി, വൃത്തിയിൽ എഴുതി ചിത്രങ്ങൾക്ക് കളർ നൽകി ലാമിനേഷൻ ചെയ്ത് വായനാകാർഡ് നിർമ്മിക്കുന്നു.

6. നല്ല ആസ്വാദനം

* പാടാനും പറയാനും കഴിയുന്ന മികച്ച പ്രതിഭകളെ കണ്ടെത്തി മറ്റുള്ള കുട്ടികൾക്ക് ആസ്വദിക്കാനും ശ്രവിക്കാനും അവസരം സൃഷ്ടിക്കൽ. രണ്ടാഴ്ചയിലൊരിക്കൽ ആസ്വാദനസഭ ചേരുക. ഒരിക്കൽ പാടിയ/ പറഞ്ഞ കുട്ടികളെ അടുത്ത സഭയിൽ ആസ്വാദകരാക്കണം
* തനതായ അറബിഭാഷ കേൾക്കാനും അനുഭവിക്കാനും ഉതകുന്ന വീഡിയോ കാണാൻ അവസരം നൽകുന്നു.
* ഭാഷയിൽ കൂടുതൽ കാര്യങ്ങൾ കേൾക്കാൻ മികച്ച പത്ത് കഥകളുടെ, ഹ്രസ്വഫിലിമുകളുടെ വീഡിയോ കേൾപ്പിക്കൽ/കാണിക്കൽ

7. നല്ല മത്സരങ്ങൾ

പ്രതിഭകൾക്ക് മാത്രം വിജയം പോരാ, എല്ലാവരും വിജയി എന്നതിലേക്ക് ക്ലാസ്തലത്തിൽ വ്യത്യസ്ത കാറ്റഗറിയിൽ ലളിതമായ രീതിയിൽ മത്സരം നടത്തുന്നു.

8. നല്ല ദിനങ്ങൾ

ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് കുട്ടികൾ അധ്യാപകന്റെ കൂടി സഹായ

ത്തോടെ ദിനാചരണത്തിന്റെ അറബിയിലുള്ള ചാർട്ട് പ്രദർശിപ്പിക്കുന്നു.

* കുറിപ്പ് നിർമ്മാണം - ദിനാചരണവുമായി ബന്ധപ്പെട്ട് ലഘുകുറിപ്പുകൾ തയ്യാറാക്കുന്നു.
* പോസ്റ്റർ നിർമ്മാണം - ചെറിയ പോസ്റ്ററുകൾ പ്രദർശിപ്പിക്കുന്നു.
* കുറിപ്പ് വായന - കൊണ്ടുവന്ന കുറിപ്പുകൾ ക്ലാസിൽ വായിക്കുന്നു.

9. അറബിക്ക് ഫെസ്റ്റ് -

* അറബിക് ദിനത്തിലോ അല്ലാത്ത ദിനത്തിലോ ഒരു ഫുൾഡേ/ഹാഫ്ഡേ ഫെസ്റ്റ് നടത്തും.
* അറബിയിൽ മികച്ച കലാ അവതരണങ്ങൾ നടത്തും.
* ഈ ഫെസ്റ്റ് ഉദ്ഘാടനം ചെയ്യാൻ അറബി കവിയേയോ പണ്ഡിതരേയോ കൊണ്ടുവരും
* ഇതുവരെ കഴിഞ്ഞ അറബിക് മത്സരങ്ങൾക്ക് സമ്മാനങ്ങൾ നൽകും.
* തൊട്ടടുത്ത അറബിഭാഷയുമായി ബന്ധപ്പെട്ട കവികളെയോ പണ്ഡിതരേയോ ആദരിക്കും.
* തെരെഞ്ഞെടുത്ത ഏതെങ്കിലും ഒരു അറബിക് ആനിമേഷൻ ഫിലിം പ്രദർശിപ്പിക്കും

10. അറബിക്ക് അസംബ്ലി.

* ആഴ്ചയിൽ ഒരു അറബിക് അസംബ്ലി
* പ്രാർത്ഥന, പ്രതിജ്ഞ എന്നിവ അറബിയിൽ നടത്തുന്നു.
* അറബിയിൽ പ്രധാനപ്പെട്ട 5 വാർത്തയെങ്കിലും സംഘടിപ്പിച്ച് വായിക്കുന്നു.
* ഏതെങ്കിലും ഒരു വിഷയത്തെ ആസ്പദമാക്കി ഒരു ലഘു കുറിപ്പ് വായിക്കുന്നു.
* ഏതെങ്കിലും സാഹിത്യകാരനെ പരിചയപ്പെടുത്തുന്നു.

11. പദപരിചയം

* അറബി പദസമ്പത്ത് വർദ്ധിപ്പിക്കാൻ വേണ്ടി എല്ലാ ദിവസവും രാവിലെ പ്രാർത്ഥനക്ക് ശേഷം മുതിർന്ന ക്ലാസിലെ വിദ്യാർത്ഥി ക്ലാസ് നമ്പർ അനുസരിച്ച് ഒരു അറബി പദം മൈക്കിലൂടെ പരിചയപ്പെടുത്തുന്നു.
* ക്ലാസ് ലീഡർമാർ ആ പദം ബോർഡിൽ എഴുതുന്നു.
* പ്രസ്തുതപദം അറബി നോട്ടീസ് ബോർഡിൽ ഇടുന്നു.
* എല്ലാ വിദ്യാർത്ഥികളും എഴുതിയെടുക്കുകയും മാസത്തിലൊരിക്കൽ മൊത്തം പദങ്ങൾ ഉപയോഗിച്ച് ചെറിയ മത്സരങ്ങൾ നടത്തുകയും ചെയ്യുന്നു.

12. സ്കൂൾ വാർഷികം

* അറബിക് നാടകം, ചിത്രീകരണം, മോണോആക്ട്, വാർത്താവായന, ആംഗ്യപ്പാട്ട് എന്നിവ ഉൾപ്പെടുത്തി ഭാഷാശേഷി വികസിപ്പിക്കുന്നു.
* പിന്നോക്കക്കാരെ പ്രത്യേകം പരിഗണിച്ച് പ്രവർത്തനങ്ങൾ ലഘൂകരിച്ച് അഭിരുചിയനുസരിച്ച് നൽകും.

13. അറബി ക്ലബ്

* അറബി പഠിക്കുന്ന കുട്ടികളെല്ലാം ക്ലബ്ബിൽ അംഗങ്ങളായിരിക്കും.
* വാർത്താ കുറിപ്പുകൾ പ്രദർശിപ്പിക്കാനുള്ള നോട്ടീസ്ബോർഡ് നൽകുന്നു.
* ക്ലബ്ബ് അടിസ്ഥാനത്തിൽ ആഴ്ചയിൽ കൂടുകയും ഓരോ ആഴ്ചയിലും ഓരോ മത്സരങ്ങൾ നടത്തുകയും ചെയ്യുന്നു.

ഉദാ- ക്വിസ് മത്സരം, പ്രസംഗമത്സരം,വായനാമത്സരം

* ക്ലബ്ബിലെ ലീഡർ ആയിരിക്കും ആഴ്ചയിലെ മീറ്റിങ്ങുകൾക്ക് മേൽനോട്ടം വഹിക്കുക.

| | ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയം | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| 1.<br>2. | ഭാഷാപരമായ<br>നല്ല വായന<br>(മുഴുവൻ കുട്ടികൾക്കുംലഘുവാക്യങ്ങൾ വായിക്കാൻ സാധിക്കണം) | 1. സ്കൂളിലെ അറബി ലൈബ്രറി രൂപീകരണം<br>2.ക്ലാസ് പിരീഡിലെ ആദ്യ അഞ്ച് മിനിറ്റ് ലൈബ്രറി വായന<br>3. കഥാപൂരണം<br>4. ചിത്രവായന<br>5. പത്രവായന (അറബി)<br>6. കൂടുതൽ വായിച്ചവർക്ക് സമ്മാനം<br>7. അക്ഷരസ്ഫുടത<br>8. ഭാവാത്മക വായന | 1 വർഷം | കാർഡുകൾ<br>വലിയ ചിത്രങ്ങൾ<br>ടീച്ചർ | പൂർവ്വ വിദ്യാർത്ഥികൾ |
| 3. | നല്ല എഴുത്ത്<br>(കയ്യെഴുത്ത് മെച്ചപ്പെടുത്തൽ) | 1. അറബിഭാഷയുടെ തനതായ സൗന്ദര്യ എഴുത്ത്<br>2. പ്രത്യേക കോപ്പികൾ നൽകി പരിശീലനം | 1 വർഷം | പുസ്തങ്ങൾ | ടീച്ചർ<br>പി.ടി.എ |
| 4. | എഴുത്ത് കൂട്ടം | 3. ചിത്രം കണ്ട് വിവരണം തയ്യാറാക്കൽ<br>4. അടിക്കുറിപ്പ് തയ്യാറാക്കൽ<br>5. കഥാപൂരണം<br>6. കവിതാപൂരണം<br>7. ക്ലാസ് മാസിക നിർമ്മാണം<br>8. വായനാകാർഡ് നിർമ്മാണം | 1 വർഷം | ചാർട്ട്<br>കളർ | ടീച്ചർ |
| 5. | നല്ല ആസ്വാദനം | 1. മികച്ച കുട്ടികളെ കണ്ടെത്തി മറ്റുള്ള കുട്ടികളെ ആസ്വദിപ്പിക്കൽ<br>2. തനതായ അറബിഭാഷ കേൾക്കാനും അനുഭവിക്കാനും ഉതകുന്ന വീഡിയോകൾ കാണാനും കേൾക്കാനും സൗകര്യം ഒരുക്കൽ<br>3. LCD ഉപയോഗിച്ച് മികച്ച പത്ത് കഥകളുടെ പാട്ടുകളുടെ ,ഹ്രസ്വഫിലിമുകളുടെ ,തമാശകളുടെ വീഡിയോ കേൾപ്പിക്കൽ/കാണിക്കൽ. | 6 മാസം | സ്കൂൾഹാൾ<br>LCD | ടീച്ചർ |

| | ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയം | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| 6. | നല്ല മത്സരങ്ങൾ<br>(എല്ലാ കുട്ടികളും വിജയി എന്നതിലേക്ക് വ്യത്യസ്ത കാറ്റഗറിയിൽ മത്സരം) | .1 ക്വിസ്<br>2. പദനിർമ്മാണം<br>3. കവിതാപൂരണം<br>4. കഥാപൂരണം<br>5. പദപ്രശ്നം<br>6. വേഡ് ഹണ്ടിംഗ്<br>7. കളറിംഗ്<br>8. മെമ്മറിടെസ്റ്റ്<br>9. കഥപറയൽ<br>10. ഖുർആൻ പാരായണം<br>11. വിവിധ പസിൽസ് | 3 മാസം | സ്കൂൾ ഹാൾ | ടീച്ചർ |
| 7. | നല്ല ദിനങ്ങൾ | 1. ദിനാചരണങ്ങൾ<br>2 ,കുറിപ്പ് നിർമ്മാണം<br>3. പോസ്റ്റർ നിർമ്മാണം<br>4. കുറിപ്പ് വായന | 1 വർഷം | | ടീച്ചർ |
| 8 | ഭാഷാദിനത്തോടനുബന്ധിച്ച്<br>അറബിക് ഫെസ്റ്റ്<br>(അറബിക് ദിനത്തിലോ അല്ലാത്ത ദിവസത്തിലോ ഒരു ഫുൾഡേ/ഹാഫ്ഡേ ഫെസ്റ്റ് നടത്തുക) | 1. മികച്ച അറബി കലാ അവതരണം<br>2.അറബികവി/പണ്ഡിതർ ഉദ്ഘാടനം<br>3.അറബിക്ക് മത്സരങ്ങളുടെ സമ്മാന ചടങ്ങ്<br>4. കവികൾ/പണ്ഡിതർ എന്നിവരെ ആദരിക്കൽ<br>5. ഫിലിം പ്രദർശനം (തെരഞ്ഞെടുത്ത അറബിക് അനിമേഷൻ പ്രദർശനം) | | സ്കൂൾ ഹാൾ<br>LCD | പൂർവ്വ വിദ്യാർത്ഥികൾ |
| 9. | അറബി അസംബ്ലി | 1. അറബി പ്രാർത്ഥന<br>2. വാർത്ത വായന<br>3. ചെറിയ അറബി കുറിപ്പ് വായന<br>4. സാഹിത്യകാരൻമാരെ പരിചയപ്പെടൽ | 4 വർഷം | | |
| 10. | പദപരിചയം | 1. അറബി പദസമ്പത്ത് വർദ്ധിപ്പിക്കൽ<br>2. അറബിപദം പരിചയപ്പെടൽ<br>3.അറബിക്ക് അദ്ധ്യാപകന്റെ മേൽനോട്ടത്തിൽ ദിവസവും രാവിലെ | 1 വർഷം | മൈക്ക് | ടീച്ചർ |
| 11. | സ്കൂൾ വാർഷികം | 1. അറബിക് നാടകം<br>2. ചിത്രീകരണം<br>3. മോണോആക്ട്<br>4. വാർത്താവായന | | സ്കൂൾ കെട്ടിടം | പൂർവ്വ വിദ്യാർത്ഥികൾ<br>ഭാഷാ സ്നേഹികൾ |

# ഗണിതം

## കണ്ടെത്തിയ പരിമിതികൾ

1 1. മുതൽ 4 വരെയുള്ള ക്ലാസുകളിലെ എല്ലാ കുട്ടികൾക്കും പാഠ്യപദ്ധതി നിർദ്ദേശിച്ച ആശയങ്ങ ശേഷികളും നേടാൻ കഴിയുന്നില്ല.
2. ഐ.സി.ടി.അധിഷ്ഠിതവും പ്രക്രിയാബന്ധിതവുമായ പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിലുള്ള പരിമിതികൾ
3. പാഠാസൂത്രണം നടത്തുന്നതിലുള്ള വീഴ്ചകൾ
4. ലൈബ്രറി ഉപയോഗത്തിലുള്ള സമയപരിമിതികൾ
5. ഗണിതലാബിന്റെ അഭാവം
6. നിലവിലുള്ള മൂല്യനിർണ്ണയരീതി

കാരണങ്ങൾ - കുട്ടികളിൽ

* അടിസ്ഥാന ആശയങ്ങളുടെ ധാരണക്കുറവ്.
* പഠിക്കുന്ന ആശയങ്ങൾ നിത്യജീവിതവുമായി ബന്ധപ്പെടുത്താൻ കഴിയാത്തത്.
* തുടർച്ചയായ അസുഖങ്ങൾ.

അധ്യാപകരിൽ

* എല്ലാ കുട്ടികളെയും പരിഗണിക്കുന്ന തരത്തിലുള്ള ക്ലാസ് റൂം പ്രവർത്തനങ്ങളുടെ അഭാവം
* ഭിന്നനിലവാരക്കാരായ കുട്ടികൾ ഉള്ള ക്ലാസുകളിലെ അധ്യാപനം.
* വൈവിധ്യമാർന്ന പഠനപ്രവർത്തനങ്ങൾ നടപ്പാക്കാൻ കഴിയുന്നില്ല.
* പഠനോപകരണങ്ങളുടെ ലഭ്യതക്കുറവ്.
* വിനിമയത്തിനുള്ള സമയക്കുറവ്.
* പരീക്ഷാധിഷ്ഠിതമായി പാഠപുസ്തകത്തിലെ ആശയങ്ങളെ സമീപിക്കുമ്പോൾ ആശയങ്ങൾ ഉറപ്പിക്കാതെ അടുത്തതിലേക്ക് പോകുന്നത്.
* കൈപ്പുസ്തകങ്ങളെ ആശ്രയിച്ചുള്ള അധ്യാപനം.
* സ്കീം ഓഫ് വർക്കിന്റെ ചട്ടക്കൂടിനെ അമിതമായി ആശ്രയിക്കുന്ന അധ്യാപനരീതി

സംവിധാനം

* അധ്യാപക പരിശീലനങ്ങൾ നടക്കുന്നുണ്ടെങ്കിലും വാചികരൂപത്തിൽ ഒരുക്കുന്നു.
* വിലയിരുത്തലുകൾ നടക്കുന്നുണ്ടെങ്കിലും ഫീഡ് ബാക്ക് ലഭിക്കുന്നില്ല.

പരിഹാര ബോധനം

1. പ്രീ ടെസ്റ്റ് നടത്തി കുട്ടിയുടെ നില നിർണ്ണയിക്കൽ.
2. അടിസ്ഥാന ശേഷികൾ ഉറപ്പിക്കൽ.
3. എല്ലാകുട്ടികളെയും പരിഗണിച്ചുകൊണ്ട് പാഠാസൂത്രണങ്ങളും പഠനോപകരണങ്ങളും തയ്യാറാക്കൽ
4. ഗണിത ക്ലബ്ബ് രൂപീകരണം
5. അധികസമയം കണ്ടെത്തൽ
6. ഗണിതപഠനം നിത്യജീവിതവുമായി ബന്ധപ്പെടുത്തൽ

പ്രശ്നം -ചതുഷ്ക്രിയകൾ ഉൾക്കൊള്ളുന്ന പ്രശ്നങ്ങൾ നിർദ്ധാരണം ചെയ്യാൻ കഴിയുന്നില്ല.

പരിമിതി -

1 കുട്ടി

* സംഖ്യാബോധം ഇല്ല.
* ഭാഷയിലെ പിന്നോക്കാവസ്ഥ.
* അവസരങ്ങളുടെ അഭാവം.
* ക്ലാസിലെ കുട്ടിയുടെ തുടർച്ചയില്ലായ്മ.
* സ്ഥാനബോധം ഉറയ്ക്കായ്മ.

2 അധ്യാപകൻ

* സമയക്കുറവ്.
* പാഠാസൂത്രണത്തിലുള്ള പോരായ്മ.
* പിന്നോക്കക്കാരെ വേണ്ടത്ര  പരിഗണിക്കാനുള്ള മനോഭാവം ഇല്ലായ്മ.

3 രക്ഷിതാവ്

* ഗണിതത്തിൽ വേണ്ടത്ര അറിവില്ലായ്മ.
* ഇടപെടലിന്റെ കുറവ്.
* കുട്ടിയ്ക്ക് വേണ്ടത്ര ചിന്തിക്കാൻ അവസരം നൽകാതെയുള്ള സഹായം.
* രക്ഷിതാവിന് തന്റെ പിന്തുണയുടെ മൂല്യത്തെക്കുറിച്ച് ധാരണയില്ല.

## ഗണിതം - പ്രവർത്തനങ്ങൾ

1. work sheet ലുള്ള രണ്ട് നിറത്തിലുള്ള പൂക്കൾ എണ്ണിപ്പറയുന്നു.
2. സംഖ്യാകാർഡുകൾ നൽകുന്നു. ഓരോരുത്തർക്കും കിട്ടിയ കാർഡിലെ സംഖ്യയിലെ മുന്നിലെയും പിന്നിലെയും സംഖ്യകൾ പൂർത്തിയാക്കുന്നു.
3. സംഖ്യാപോക്കറ്റിൽ 1 മുതൽ 9 വരെ സംഖ്യകൾ നൽകുന്നു. പറയുന്ന സംഖ്യക്കനുസരിച്ച് പോക്കറ്റിൽ ക്രമീകരിക്കുന്നു.
4. work sheet പൂർത്തിയാക്കുന്നു.
5. ആഖ്യാന രൂപത്തിൽ അവതരിപ്പിക്കുന്നു. ബാക്കി എത്ര എന്ന് കണ്ടെത്തുന്നു.
6. ഗുണനവസ്തുതകൾ എഴുതിയ കാർഡുകൾ നൽകി യോജിച്ചവയെ കണ്ടെത്തുന്നു.
7. I C T സാധ്യത ഉപയോഗിക്കുന്നു.
8. മഞ്ചാടി, മുത്തുകൾ എന്നിവ ഉപയോഗിച്ച് തുല്ല്യമായി വീതിക്കാനുള്ള ധാരാളം അവസരങ്ങൾ ഒരുക്കുന്നു.
9. തുല്യമായി വീതിക്കൽ
10. ചിത്രങ്ങൾ ഉൾകൊള്ളുന്ന work sheet നൽകി വിശകലന ചോദ്യങ്ങൾ ചോദിക്കുന്നു.
12. വ്യക്തിഗതമായും ഗ്രൂപ്പായും ചതുഷ്ക്രിയകൾ ഉൾപ്പെടുന്ന ചോദ്യങ്ങൾ നിർമ്മിക്കുന്നു. ഗ്രൂപ്പിൽ ചോദ്യങ്ങൾ പരസ്പരം കൈമാറി നിർദ്ധാരണം ചെയ്യാൻ അവസരം നൽകുന്നു.

work sheet : പ്രായോഗിക പ്രശ്നങ്ങൾ (ചതുഷ്ക്രിയ) നിരന്തരം നിർദ്ധാരണം ചെയ്യാൻ അവസരം നൽകുന്നു.

# ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയം | ഭൗതികം | പിന്തുണ |
|---|---|---|---|---|
| .സംഖ്യാബോധം<br>ഇല്ലായ്മ പരിഹരിക്കൽ | 1. സംഖ്യകളും ചിത്രങ്ങളും തമ്മിൽ പൊരുത്തപ്പെടൽ<br>2. സംഖ്യകളെ ക്രമീകരിക്കൽ<br>3. ചെറുതിൽനിന്ന് വലുതിലേക്ക് ക്രമീകരിക്കൽ<br>4. സംഖ്യാപാറ്റേൺ<br>5. നമ്പറിടൽ<br>6. സംഖ്യാഗാനം കേൾക്കൽ<br>7. സംഖ്യാ വ്യാഖ്യാനം<br>8. അക്കച്ചിലന്തി<br>9. സംഖ്യാ പിരമിഡ്<br>10. സംഖ്യാമാല<br>11 സംഖ്യാ ശ്രേണി (പാറ്റേൺ)<br>12. I C T<br>13. സംഖ്യാപോക്കറ്റ് | 1 മാസം<br>1 മാസം | സംഖ്യാ കാർഡ്<br>സംഖ്യാകാർഡ് ചിത്രങ്ങൾ | ടീച്ചർ |
| ജ്യാമിതീയ<br>പങ്ങൾ തിരിച്ചറിയൽ | 1.വിവിധ ജ്യാമിതീയരൂപങ്ങൾ ഉൾക്കൊള്ളുന്ന ചിത്രങ്ങൾ,ചതുരം,വൃത്തം, ത്രികോണംഎന്നിവ ഓരോന്നും എത്ര . വീതം എന്ന് കണ്ടെത്തുന്നു<br>2. ചുറ്റുപാടുമുള്ള രൂപങ്ങൾ ലിസ്റ്റ്ചെയ്യൽ | 4 വർഷം | വിവിധ രൂപങ്ങൾ | ടീച്ചർ<br>പി.ടി.എ |
| ണിതാസ്വാദനം | * ഗണിതം പരീക്ഷണ വസ്തു ആക്കാതെ ഗണിത സമസ്യകളുടെ സാമൂഹികപരമായ മാനങ്ങൾ വിശദീകരിക്കുന്ന തരത്തിലുള്ള പ്രവർത്തനങ്ങൾ അതത് ക്ലാസിലെ പഠന നേട്ടങ്ങളുമായി തട്ടിച്ചുകൊണ്ട് അവതരിപ്പിക്കുന്നു.തുടർ പ്രവർത്തനത്തിന് സാധ്യതയുള്ള പഠനപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നു. | 4 വർഷം | | ടീച്ചർ |
| | *. പാഠാസൂത്രണങ്ങൾ ഫലപ്രദമായി ആസൂത്രണം ചെയ്യുന്നു.<br>*. ക്വിസ് മത്സരങ്ങൾ,പസിലുകൾ, കുസൃതിക്കണക്കുകൾ എന്നിവ കണ്ടെത്തി ആസൂത്രണം ചെയ്യുന്നു.<br>*. I C T സാധ്യത | 4 വർഷം | | ടീച്ചർ |

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | സമയം | ഭൗതികം | പിന്തുണ |
| --- | --- | --- | --- | --- |
| മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിൽ അളവുകൾ തിരിച്ചറിയുന്നതിന് ഉള്ള പ്രയാസം ഒഴിവാക്കുന്നതിന് | 14. ചുറ്റളവ് എന്ന ആശയം<br>15. നീളം കണ്ടെത്താം<br>16. ആരാണ് മുന്നിൽ ഉള്ളത്<br>17. വെള്ളം നിറയ്ക്കൂ<br>18. I C T | 4 വർഷം | വിവിധതരം അളവ് ഉപകരണങ്ങൾ | ടീച്ചർ |
| സമയം | *. ക്ലോക്ക് നിർമ്മാണം<br>*. വിവിധ തരം ക്ലോക്കുകൾ പരിചയപ്പെടൽ<br>*. റെയിൽവെ സമയം | 4 വർഷം | ബന്ധപ്പെട്ട ഉപകരണങ്ങൾ | ടീച്ചർ |
| ഗണിതക്ലബ്ബ് | *. ഓരോക്ലാസിലെയും കാൽഭാഗം കുട്ടികൾ ഗണിതക്ലബ്ബിൽ അംഗങ്ങളാകുന്നു.<br>*. ക്ലബ്ബിലെ പ്രവർത്തനങ്ങളിൽ മുഴുവൻ കുട്ടികളെയും ഉൾപ്പെടുത്തികൊണ്ട് ക്ലാസ് തലത്തിലും സ്കൂൾ തലത്തിലും പരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പാക്കുന്നു. | ജൂൺ ആഗസ്റ്റ് | | |
| | *. പഠനോപകരണങ്ങൾ ആവശ്യമായവ കണ്ടെത്തുന്നു.<br>*. ക്ലാസുകൾ സംഘടിപ്പിക്കുന്നു. | ജൂൺ | | |
| | *.ഗണിത മാഗസിൻ<br>*. ഗണിതാശയങ്ങൾ,പ്രശ്നങ്ങൾ, പാറ്റേണുകൾ,ചിത്രങ്ങൾ, ഗണിതശാസ്ത്രവുമായി ബന്ധപ്പെട്ട വിവരങ്ങൾ ആനുകാലിക സംഭവങ്ങൾ എന്നിവ ഉൾപ്പെടുത്തി ക്ലാസ് തലത്തിലും സ്കൂൾ തലത്തിലും മാഗസിൻ തയ്യാറാക്കൽ | | | ടീച്ചർ,പി.ടി.എ |
| | <u>വിലവിവരപ്പട്ടിക</u><br>വിദ്യാർത്ഥികൾക്കാവിശ്യമായ പേന, പെൻസിൽ,റബ്ബർ,നോട്ട് ബുക്ക്,കളർ തുടങ്ങിയ സാധനങ്ങളുടെ ലിസ്റ്റ് പ്രദർശിപ്പിക്കുക. | | | ടീച്ചർ |
| | <u>ഉത്തരപ്പെട്ടി</u><br>ഗണിത പ്രശ്നങ്ങൾ നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കുന്നു. കുട്ടികൾ ഉത്തരം കണ്ടെത്തി പെട്ടിയിൽ നിക്ഷേപിക്കുന്നു.സമയം അനുവദിക്കുന്നു.വിജയികളെ കണ്ടെത്തി പ്രഖ്യാപിക്കുന്നു.ഉത്തരം വിശകലനം ചെയ്ത് അവതരിപ്പിക്കുന്നു. | | | ടീച്ചർ |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയം | ഭൗതികം | പിൻതു |
|---|---|---|---|---|
| ഗണിതാ ഭിരുചി വ ളർത്തൽ | <u>ഗണിതക്വിസ്</u><br>*. ഗണിതവുമായി ബന്ധപ്പെട്ട ക്വിസ് മത്സരം നടത്തുന്നു. | മാസത്തിൽ ഒരിക്കൽ | | ടീച്ചർ |
| | <u>മനക്കണക്ക്</u><br>*. ക്ലാസിൽ പൊതുവായി ചോദ്യം ഉന്നയിക്കു ന്നു. മനസ്സിൽ ക്രിയ ചെയ്ത് നിശ്ചിത സമയ ത്തിനുള്ളിൽ ഉത്തരം കണ്ടെത്തുന്നു. അതതുക്ലാസിലെ പാഠ്യപദ്ധതിയുമായി ബന്ധ പ്പെട്ടതും ചിന്താശേഷി ഉണർത്തുന്നതുമായ കൂടുതൽ പ്രവർത്തനങ്ങൾ നടപ്പിലാ ക്കുന്നു. | വർഷം മുഴുവൻ | | ടീച്ചർ |
| ഗണിതാവ ബോധം മെച്ച പ്പെടുത്തൽ | <u>മെട്രിക് മേള</u><br>*.പാഠപ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട മെട്രി ക് ഉപകരണങ്ങളെ പരിചയപ്പെടുത്താൻ സ്കൂളിൽ അവസരം ഒരുക്കുന്നു. (പഴയത്,പുതിയത്) | വർഷാവസാനം | ഗണിതവു മായി ബ ന്ധപ്പെട്ട ഉപകരണ ങ്ങൾ, ചിത്ര ങ്ങൾ | പി.ടി.എ എസ്.എ ജി |
| | *. ഗണിതലാബ് സജ്ജീകരിക്കൽ<br>*. ക്ലാസ് പി.ടി.എ ഫലപ്രദമാക്കൽ<br>*. വീടുകളിലെ പഠനാന്തരീക്ഷം മെച്ചപ്പെടുത്താനുള്ള പ്രവർത്തനം<br>*. റിസോഴ്സ് ടീച്ചറുടെ ക്ലാസുകൾ<br>*. I C T പരിശീലനം | വർഷം മുഴുവൻ | | |

| | ലക്ഷ്യം | പ്രവർത്തനം | സമയം | ഭൗതികം | പങ്കാളി |
|---|---|---|---|---|---|
| 1. | ചുറ്റുപാടുമുള്ള വസ്തുക്കളെ നിരീക്ഷിക്കാനും വർഗീകരിക്കാനും ഉള്ള കഴിവ് നേടുക | *.നിരീക്ഷണം<br>വീട് സ്കൂൾ പരിസരം, വയൽ കുന്നുകൾ,കാവുകൾ,ജലാശയം എന്നിവ നിരീക്ഷിക്കുന്നു.പട്ടികപ്പെടുത്തുന്നു. ഓരോ ജീവിയുടെയും ആവാസ വ്യവസ്ഥ മനസ്സിലാക്കുന്നു.തരംതിരിക്കുന്നു<br>*. I C T ഉപയോഗം | 6 മാസം | | ടീച്ചർ, സി.പി.ടി.എ |
| 2. | പരീക്ഷണം | *.ഊഹത്തിന്റെ അടിസ്ഥാനത്തിൽ പരീക്ഷണങ്ങളിൽ ഏർപ്പെടുന്നു.നിരീക്ഷിച്ച് കണ്ടെത്തുകയും നിഗമനത്തിൽ എത്തിച്ചേരുകയും ചെയ്യുന്നു. | 4 വർഷം | | ടീച്ചർ |
| 3. | അഭിമുഖം | *. ഗ്രാമത്തെ അറിയാൻ<br>*. വിവിധ മേഖലകളിലെ പ്രഗത്ഭൻമാരുമായി അഭിമുഖം നടത്തുന്നു.ചോദ്യാവലികൾ തയ്യാറാക്കുന്നു. അറിഞ്ഞ കാര്യങ്ങൾ കുറിപ്പു രൂപത്തിൽ ആക്കുന്നു. | 4 വർഷം | | ടീച്ചർ |
| 4. | ലഘു പ്രൊജക്ട് | *. പഠന പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട ലഘു പ്രൊജക്ടുകൾ തയ്യാറാക്കുന്നു. (പ്രൊജക്ടിന്റെ ഘട്ടങ്ങൾ മനസ്സിലാക്കുന്നു) തുടർ പ്രൊജക്ടുകൾ ചെയ്യാൻ അവസരം ഒരുക്കുന്നു | 4 വർഷം | | ടീച്ചർ |

| | ലക്ഷ്യം | പ്രവർത്തനം | സമയം | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| *. | സർവ്വെ | *. തൊഴിലുകൾ ചുറ്റുപാടുമുള്ള ആളുകൾ ചെയ്യുന്ന വിവിധതരം തൊഴിലുകളെ സർവ്വെയിലൂടെ കണ്ടെത്തുന്നു. *. ശുചിത്വവുമായിബന്ധപ്പെട്ട സർവ്വെയിലേർപ്പെടുന്നു.ആനുകാലിക പ്രശ്നങ്ങളെ കുറിച്ച് സർവ്വെ റിപ്പോർട്ട്തയ്യാറാക്കി വികസിപ്പിക്കുന്ന തരത്തിലുള്ള പ്രവർത്തനങ്ങൾ. | 4 വർഷം | | ടീച്ചർ,സിപിടിഎ |
| *. | ഫീൽഡ് ട്രിപ്പ് | *. ചരിത്രസ്മാരകങ്ങൾ, സ്ഥലങ്ങൾ ഇവയെപ്പറ്റിഅറിവുകൾ നേടിയെടുക്കുന്നതിനു ഫീൽഡ് ട്രിപ്പിലൂടെ അവസരം നൽകുന്നു. | 4 വർഷം | | ടീച്ചർ.പി.ടി.എ |
| *. | ശാസ്ത്രക്ലബ്ബ് | *.ശാസ്ത്രപുസ്തകങ്ങൾ, ശാസ്ത്രമാസികകൾ സി.ഡികൾഎന്നിവ പരിചയപ്പെടാൻ അവസരം നൽകുന്നു<br>*. ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് എല്ലാവരും കുറിപ്പ് തയ്യാറാക്കുന്നു. ക്ലബ്ബ് വിലയിരുത്തുന്നു.<br>*. പരിസരപ്പാട്ടുകൾ നൽകുന്നു (വ്യക്തിശുചിത്വം, നല്ലശീലങ്ങൾ പ്രകൃതി തുടങ്ങിയവ)<br>*. ഒറിഗാമി<br>*. ഏകദിന ശിൽപശാല<br>*. പസിലുകൾ(ഭൂപടം)<br>*. പ്രശ്നോത്തരി | 4 വർഷം<br><br><br><br><br>1 ദിവസം | | ടീച്ചർ,പി.ടിഎ |

# കല, കായികം

## ലക്ഷ്യം, പ്രവർത്തനങ്ങൾ

* പഠനനേട്ടങ്ങൾക്ക് അനുസൃതമായി കുട്ടികളിലെ സർഗാത്മകതയെ വളർത്തുക.
* ക്ലാസ് തലത്തിൽ സാഹിത്യസഭ, പാഠഭാഗവുമായി ബന്ധപ്പെട്ട് കുട്ടി ആർജ്ജിച്ച കലാമേ യിലെ കഴിവുകൾ അവതരിപ്പിക്കാൻ ക്ലാസ് തലത്തിൽ ആഴ്ചയിൽ ഒരു ദിവസം അവസ നൽകുന്നു.
* സ്കൂൾ തലത്തിൽ സാഹിത്യവേദി, കലാപഠനത്തെ മെച്ചപ്പെടുത്തുന്നതിന് പൂർവ്വവിദ്യാർത്ഥികളെ കുടി ഉൾപ്പെടുത്തി സാഹിത്യവേദി സംഘടിപ്പിക്കുന്നു.
* സ്കൂൾ കലോത്സവം, സ്കൂളിലെ മുഴുവൻ കുട്ടികളെയും പങ്കെടുപ്പിച്ചു കൊണ്ടുള്ള സ്കൂൾകലോത്സവം നടത്തുന്നു. എല്ലാവർക്കും പങ്കാളിത്തം, എല്ലാവർക്കും സമ്മാനം എന്ന തരത്തിൽ പരിപാടികൾ നടത്തുന്നു.
* കലാമേഖലയിലെ പ്രഗൽഭൻമാരെ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള പരിപാടികൾ സംഘടിപ്പിക്കുന്നു.
* കായികക്ഷമത വർദ്ധിപ്പിക്കുന്നതിനായി ദിവസവും 10 മിനുട്ട് മാസ്ഡ്രിൽ നടത്തുന്നു.
* സ്കൂൾ, പഞ്ചായത്ത്, ഉപജില്ലാകായികമത്സരങ്ങളിൽ പങ്കെടുക്കാനുള്ള അവസരം നൽകുന്നു.
* കായികക്ഷമത വർദ്ധിപ്പിക്കാൻ ആഴ്ചയിൽ ഒരു ദിവസം കായികപരിശീലനം നൽകുന

# തനതുപ്രവർത്തനം

## കൃഷി

* 25 സെന്റ് സ്ഥലം കൃഷിക്ക് വേണ്ടി ഉപയോഗപ്പെടുത്തും.
* ഇതിൽ സ്കൂൾ അനുബന്ധ പി.ടി.എ, എസ്.എസ്.ജി, കുടുംബശ്രീ, കൃഷിവകുപ്പ് എന്നിവരെ ഉൾപ്പെടുത്തുന്നു.
* പൂർണ്ണമായും ജൈവകൃഷിക്ക് പ്രാധാന്യം നൽകുന്നു.
* ഹരിതവിദ്യാലയം പരിപാടിയും ഇതിനോടനുബന്ധിച്ച് നടത്തുന്നു.

# ഭക്ഷണം

## ലക്ഷ്യം

- പോഷകസമൃദ്ധമായ ഭക്ഷണം നൽകികൊണ്ട് കുട്ടികളുടെ ആരോഗ്യനില മെച്ചപ്പെടുത്തൽ.

## പ്രവർത്തനങ്ങൾ

- മെനു അനുസരിച്ച് ഉച്ചഭക്ഷണം വിതരണം ചെയ്യുന്നു.
- സ്കൂൾ പറമ്പിൽ കൃഷിചെയ്യുന്ന ചേന, വാഴക്കുല, പപ്പായ എന്നിവ ഉൾപ്പെടുത്തി ഉച്ചഭക്ഷണം കൂടുതൽ പോഷകസമൃദ്ധമാക്കുന്നു.
- മുഴുവൻ വിദ്യാർത്ഥികളും വിദ്യാലയത്തിൽ നിന്നും ഉച്ചഭക്ഷണം കഴിക്കുന്നു എന്ന് ഉറപ്പുവരുത്തുന്നു.
- പാൽ, മുട്ട എന്നിവ മെനു അനുസരിച്ച് വിതരണം ചെയ്യുന്നു.
- കുട്ടികൾക്ക് കുടിക്കുവാൻ തിളപ്പിച്ചാറ്റിയ വെള്ളം ഓരോ ക്ലാസുകൾക്കും പ്രത്യേകം പാത്രങ്ങളിൽ വരാന്തയിൽ സജ്ജീകരിക്കുന്നു.

# മോണിറ്ററിംഗ്

ഏതു പദ്ധതിയും ഗുണമേൻമ ഉറപ്പുവരുത്തി സമയബന്ധിതമായി നടപ്പിലാക്കാൻ മോണിറ്ററിംഗ് സമിതി അനിവാര്യമാണ്. അടുത്ത നാല് വർഷത്തെ പ്രവർത്തനങ്ങൾ ചിട്ടയായി നടത്തി സ്കൂളിന്റെ അക്കാദമികതലം മികച്ചതാക്കേണ്ടതുണ്ട്. അതിനാൽ താഴെ പറയുന്നവരെ ഉൾപ്പെടുത്തി ഒരു മോണിറ്ററിംഗ് സമിതി രൂപീകരിക്കുന്നു. മൂന്നുമാസം ഇടവിട്ട് മോണിറ്ററിംഗ് സമിതി കാര്യങ്ങൾ വിശകലനം ചെയ്ത് വേണ്ട നിർദേശങ്ങൾ നൽകേണ്ടതാണ്.

1. മാനേജർ
2. ഹെഡ്മാസ്റ്റർ
3. വാർഡ്മെമ്പർ
4. പി.ടി.എ പ്രസിഡണ്ട്
5. എസ്.ആർ.ജി കൺവീനർ
6. വികസനസമിതി ചെയർമാൻ

# ഉപസംഹാരം

എല്ലാ വിദ്യാർത്ഥികളെയും പ്രായത്തിനനുസരിച്ച് അന്താരാഷ്ട്രനിലവാരത്തിലേക്ക് ഉയർത്തുക എന്നതാണ് പൊതുവിദ്യാഭ്യാസയജ്ഞം കൊണ്ട് സർക്കാർ ലക്ഷ്യമിടുന്നത്. ബൃഹത്തായ പദ്ധതികളും പരിപാടികളുമായാണ് സർക്കാർ മുന്നോട്ട് നീങ്ങുന്നത്. ഭൗതികസൗകര്യവികസനം, അക്കാദമികതലം മെച്ചപ്പെടുത്തൽ, വിദ്യാലയ സാമൂഹ്യബന്ധം മെ പ്പെടുത്തൽ, എന്നീ ത്രിതലലക്ഷ്യങ്ങളെ മുൻനിർത്തിയുള്ള കുതിപ്പിൽ ഞങ്ങളുടെ വിദ്യാലയവ ഏറെ മുന്നോട്ട് പോകും എന്ന് ഞങ്ങൾക്ക് ഉറപ്പുണ്ട്. മാനേജ്മെന്റിന്റെ അകമഴിഞ്ഞ സഹായ സഹകരണങ്ങൾ വിദ്യാലയത്തെ സംബന്ധിച്ചിടത്തോളം വലിയ ഭാഗ്യമാണ്. നമ്മുടെ വിദ്യാലയത്തിന്റെ അക്കാദമിക നിലവാരം ഏറ്റവും മികച്ചതാവണം. അതിനനുസരിച്ച് അധ്യാപകശാക്തീകരണം നടക്കണം. സമൂഹത്തെ മൊത്തം വിദ്യാലയത്തിനു പിറകിൽ അണിനിരത്തണം. ഈ അക്കാദമികമാസ്റ്റർപ്ലാൻ അതിനു സഹായകമാകും എന്ന വിശ്വാസത്തോ നിങ്ങളുടെ മുന്നിൽ സമർപ്പിക്കുന്നു.